**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 4142**
**12.11.2019-ന് മറുപടി നൽകേണ്ടത്**

## കെ.എഫ്.സി. യുടെ റവന്യൂ റിക്കവറി നടപടികൾ

| | ചോദ്യം | മറുപടി |
|---|---|---|
| 4142 | **ശ്രീ. അനിൽ അക്കര** | **ഡോ.റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി** |
| എ. | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ റവന്യൂ റിക്കവറി നടപടികൾ റവന്യൂ വകുപ്പിൽ നിന്നും മാറ്റി സ്വകാര്യ അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പകരം എന്ത് സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ; | ഇല്ല.<br>കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ, 1951-ലെ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ ആക്ട് പ്രകാരമുള്ള റിക്കവറി നടപടികളും, സർഫസി, ഡെറ്റ്സ് റിക്കവറി ട്രിബ്യൂണൽ (DRT) വഴിയുള്ള റിക്കവറി നടപടികളും നിലവിലുണ്ട്. റവന്യൂ ഉദ്യോഗസ്ഥരെ കെ.എഫ്.സി. യിൽ നിലനിർത്തി ആർ.ആർ നടപടികൾ ചെയ്യുന്നതിനുപകരം ബാങ്കുകൾ ചെയ്യുന്നതുപോലെ നേരിട്ട് ജില്ലാ കളക്ടർ വഴി ആർ.ആർ നടപടികൾ തുടരാനാണ് കെ.എഫ്.സി ഉദ്ദേശിക്കുന്നത്. |
| ബി | അസറ്റ് റിക്കവറി ചുമതല റിലയൻസ് എന്ന സ്വകാര്യ സ്ഥാപനത്തെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കമ്പനി ഉടമകളുമായി കെ.എഫ്.സി.യോ സർക്കാരോ ചർച്ച നടത്തിയിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | ഇല്ല.<br>സർഫസി നിയമം അനുസരിച്ച് നിഷ്ക്രിയ ആസ്തികൾ അസറ്റ് റീ കൺസ്ട്രക്ഷൻ (ARC) കമ്പനികൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ കെ.എഫ്.സി.യിൽ നിലവിലുണ്ടെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |
| സി | റവന്യൂ റിക്കവറി നടപടികൾക്കായി നിയോഗിച്ചിട്ടുള്ള ഡെപ്യൂട്ടി കളക്ടർ അടക്കമുള്ള തസ്തികകൾ നിർത്തലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ഇല്ല.<br>24.10.2019 -ാം തീയതിയിലെ പി.യു.എ 1/90/2015-ധന നമ്പർ സർക്കാർ കത്ത് പ്രകാരം കെ.എഫ്.സി.യിൽ ജോലി ചെയ്യുന്ന റവന്യൂ ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യാൻ കെ.എഫ്.സി.യ്ക്ക് നിർദ്ദേശം നൽകി.. എന്നാൽ റവന്യൂ റിക്കവറി ജീവനക്കാരെ പുനർ വിന്യസിപ്പിക്കുന്നതിനും ഓഫീസുകളിലെ ഫയലുകൾ റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിനും മറ്റു നടപടികൾ പൂർത്തിയാക്കുന്നതിനും വേണ്ടി 31.01.2020 വരെ സാവകാശം നല്കിയിട്ടുണ്ട്. |
| ഡി | കെ.എഫ്.സി. റവന്യൂ റിക്കവറിക്ക് സർഫാസി ആക്ട് ഉപയോഗിക്കുന്നതിന് | വായ്പാ കുടിശ്ശിക ഈടാക്കാൻ 2011-12 സാമ്പത്തിക വർഷം മുതൽ തന്നെ സർഫസി നിയമം |

| | | |
|---|---|---|
| | തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ; | കെ.എഫ്.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്. കെ.എഫ്.സി ഉദ്യോഗസ്ഥർ തന്നെയാണ് സർഫാസി നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നത്. ഇവരെ നിയമപരമായി സഹായിക്കുന്നതിനായി താഴെ പറയുന്ന ഏജൻസികളെയും നിയമിച്ചിട്ടുണ്ട്.<br>(1) കെ.സി.പി കൺസൾട്ടൻസ് തിരുവനന്തപുരം, (2) ശ്രീ. ആന്റണി വർഗ്ഗീസ്, കൊച്ചി (3) സിനർജി അസോസിയേറ്റഡ്, കണ്ണൂർ (4) പ്രിവിറ്റി സർവ്വീസ് പ്രൊവൈഡെഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി |
| ഇ | സർക്കാർ അധീനതയിലുള്ള മറ്റ് ധനകാര്യ സ്ഥാപനങ്ങളിലും റവന്യൂ റിക്കവറിക്ക് നിലവിലുള്ള സംവിധാനത്തിനുപകരം അസറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താനും സർഫാസി ആക്ട് നടപ്പിലാക്കുന്നതിനും സർക്കാരിന് ഉദ്ദേശ്യമുണ്ടോയെന്ന് വെളിപ്പെടുത്താമോ; | തീരുമാനമെടുത്തിട്ടില്ല. |
| എഫ് | റവന്യൂ റിക്കവറി നടപടികൾക്കായി റവന്യൂ വകുപ്പിൽ നിന്നും നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ നാളിതുവരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കെ.എഫ്.സി. അടച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | 2013-14 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് ഒടുക്കിയിട്ടുണ്ട്. 2014-15 മുതൽ 2018-19 വരെയുള്ള റവന്യൂ റിക്കവറി ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് തുക ഇനത്തിൽ കോർപ്പറേഷൻ കണക്കാക്കിയിട്ടുള്ള തുകയും കോർപ്പറേഷനിലെ റവന്യൂ റിക്കവറി സെക്ഷൻ കണക്കാക്കിയ തുകയും തമ്മിൽ വലിയ പൊരുത്തക്കേട് ഉള്ളതിനാൽ ആയത് റവന്യൂ വകുപ്പുമായി ചർച്ച ചെയ്ത് തീർപ്പാക്കി തുക അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERALA

No: PU-A1/90/2015/Fin.

Finance (PUA) Department,
Thiruvananthapuram,
Dated: 24.10.2019.

From

The Additional Chief Secretary (Finance )

To

The Chairman & Managing Director,
Kerala Financial Corporation,
Vellayambalam,
Thiruvananthapuram-695033.

Sir,

Sub:- KFC - Continuous Sanction of RR Staff - Reg.

Ref:- Your Letter No. KFC/Admin/783/2019 dated 09/08/2019.

Inviting attention to the reference cited, I am directed to inform you to relieve Revenue Recovery staff with effect from 31st October, unless you have already done so. Kerala Financial Corporation will not bear the cost of any Revenue Recovery staff from date of relief, or from Ist November, 2019 whichever is earlier. You are also requested to calculate the administrative cost of the Revenue Recovery staff and pay this to the Land Revenue Commissioner urgently.

Yours faithfully,
AMBIKA DEVI D,
Under Secretary (Finance)
For Additional Chief Secretary (Finance)

Approved for Issue

Section Officer.